പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3268

24.06.2013 ലെ മറുപടിയ്ക്ക്

## ശാസ്ത്ര സാങ്കേതിക വിദ്യാ വികസനവും കൈമാറ്റവും

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. പി.കെ. ബഷീർ :** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക വികസനം, കൈമാറ്റം എന്നീ രംഗങ്ങളിൽ പുരോഗതി കൈവരിക്കുന്നതിന് പ്രാധാന്യം നൽകുമോ ; | (എ) ശാസ്ത്ര സാങ്കേതിക വികസനം, കൈമാറ്റം എന്നീ രംഗങ്ങളിൽ പുരോഗതി കൈവരിയ്ക്കുന്നതിന് സർക്കാർ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വൈവിധ്യമാർന്ന പദ്ധതികളിലൂടെ വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നുണ്ട്. |
| (ബി) ശാസ്ത്ര സാങ്കേതിക വിദ്യാ വികസനത്തിന് കേന്ദ്ര സഹായം നേടിയെടുക്കുന്നതിലെ പുരോഗതി വ്യക്തമാക്കാമോ ; | (ബി) കേന്ദ്ര ശാസ്ത്ര ഗവേഷണ സമിതികളുടെ എല്ലാ പദ്ധതികളിലും നമ്മുടെ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്താനും കേരളത്തിനാവശ്യമായ പദ്ധതികൾ കൊണ്ടുവരാനും കൗൺസിൽ പ്രോത്സാഹനം കൊടുക്കുന്നുണ്ട്. കൗൺസിലിന്റെ അങ്ങനെയുള്ള പദ്ധതികളുടെ ഒരു സംക്ഷിപ്ത രൂപം ഇതൊടൊപ്പമുള്ള ബ്രോഷറിൽ കൊടുത്തിട്ടുണ്ട്. |
| (സി) ശാസ്ത്ര സാങ്കേതിക രംഗത്തിന്റെ വികസനത്തിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) നിലവിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേ പുതിയ മൂന്ന് സ്ഥാപനങ്ങളിലൂടെ അടിസ്ഥാന ശാസ്ത്ര ഗവേഷണം, സാങ്കേതിക വിദ്യാ കൈമാറ്റം, ശാസ്ത്ര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നൂതന തൊഴിലവസര സാദ്ധ്യതകൾ എന്നിവ പ്രയോഗത്തിൽ കൊണ്ട് വരാൻ 12-ാം പദ്ധതിയിൽ പ്രത്യേക പദ്ധതികളുണ്ട്.<br>I) ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ്.<br>II) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സെന്റർ-സ്റ്റേറ്റ് ടെക്നോളജി ട്രാൻസ്ഫർ.<br>III) സയൻസ് & ടെക്നോളജി ബേസ്ഡ് സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (S&T Based skill Development Institute).<br>കൂടാതെ തിരുവനന്തപുരത്തും, കോട്ടയത്ത് കുറുവിലങ്ങാട്ടും ഓരോ ശാസ്ത്ര നഗരവും ശാസ്ത്ര ഉദ്യാനവും ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്